**കേരള സർക്കാർ**

**സംഗ്രഹം**

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സംരക്ഷണം - അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം പുനക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

**സ.ഉ (കൈ) നം.111/2017/പൊവിവ** **തിരുവനന്തപുരം, തീയതി 07/09/2017**

---

പരാമർശം:- 1). 5/8/2016 ലെ ജി.ഒ (എം.എസ്) നം. 134/16/പൊവിവ നമ്പർ സർക്കാർ ഉത്തരവ്.
2). 25-7-2017-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എച്ച്4/51176/17/ഡിപിഐ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ (സർക്കാർ/എയ്ഡഡ്) 2017-18 അദ്ധ്യയനവർഷം സംരക്ഷണത്തിന് അർഹതയുള്ളതും കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം XXIII ചട്ടം 6B (2)(a)-.യിൽ പ്രതിപാദിച്ചിട്ടുള്ളതുമായ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ തസ്തികനഷ്ടം മൂലം പുറത്താകുന്നത് ഒഴിവാക്കുന്നതിന് വേണ്ടി മാത്രം താഴെപ്പറയുന്ന നിബന്ധനകൾക്കു വിധേയമായി അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:300 ആയി പുന:ക്രമീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

1. യു.പി വിഭാഗത്തിൽ 1:300 എന്ന അനുപാതം കണക്കാക്കുമ്പോൾ തസ്തിക നഷ്ടപ്പെടുന്നവരെ പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത സ്കൂളിലെ എൽ.പി വിഭാഗം കൂടി ക്ലബ്ബ് ചെയ്ത് സംരക്ഷിക്കേണ്ടതാണ്.
2. ഹൈസ്കൂൾ വിഭാഗം സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സംരക്ഷണത്തിന് 10-ാം ക്ലാസ്സിലെ പിരീയഡുകളുടെ എണ്ണവുംകൂടി പരിഗണിക്കേണ്ടതാണ്.
3. യു.പി വിഭാഗംകൂടിയുള്ള ഹൈസ്കൂളുകളിൽ, ഹൈസ്കൂൾവിഭാഗം സ്പെഷ്യലിസ്റ്റ് അദ്ധ്യാപകനെ പ്രസ്തുത സ്കൂളിലെ യു.പി വിഭാഗത്തിൽകൂടി ക്ലബ്ബ് ചെയ്ത് സംരക്ഷിക്കേണ്ടതാണ്.
4. അനുപാതം കുറച്ച് സംരക്ഷണം നൽകിയിട്ടുള്ള അദ്ധ്യാപകരെ അവരുടെ കാറ്റഗറിയിൽ തൊട്ടടുത്ത് വരുന്ന ഒഴിവിൽത്തന്നെ ക്രമീകരിക്കേണ്ടതാണ്. ഇപ്രകാരം സംരക്ഷണം നൽകിയിട്ടുള്ള അദ്ധ്യാപകർ നിലനിൽക്കുമ്പോൾ അവരുടെ കാറ്റഗറിയിൽ സ്ഥിരമായോ, താൽക്കാലികമായോ ഉണ്ടാകുന്ന ഒഴിവുകളിൽ പുതിയ നിയമനം നടത്താൻ പാടില്ല.
5. മേൽപ്പറഞ്ഞ രീതിയിൽ അനുപാതം കുറയ്ക്കുന്നതിലൂടെ സ്കൂളുകളിൽ അധിക തസ്തികകൾ സൃഷ്ടിച്ച് പുതിയ നിയമനം യാതൊരുകാരണവശാലും നടത്താൻ പാടില്ല.

(മറുപുറം)

ഇപ്രകാരം സംരക്ഷണംനല്കി നിലനിർത്തുന്ന സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സംസ്ഥാനതലത്തിലുള്ള വിശദാംശങ്ങൾ (അദ്ധ്യാപകന്റെ പേര്, സ്കൂൾ, ജില്ല) സംബന്ധിച്ച പട്ടിക പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ. ഗോപാലകൃഷ്ണ ഭട്ട്**

സ്പെഷ്യൽ സെക്രട്ടറി

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

പബ്ളിക്ക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പൊ.ന. കത്ത് നമ്പർ H4/51176/17/ഡി.പി.ഐ. തീയതി 7-9-2017

ഉത്തരവിന്റെ പകർപ്പ് എല്ലാ AEO, DEO, DDE മാരുടെയും അടിയന്തര തുടർനടപടികൾക്കായി അയക്കുന്നു. ഉത്തരവിലെ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ അനുപാതം ഒമ്പതും പത്താം തരത്തിലെ പീരീഡ് കൂടി കണക്കാക്കിയും നിലനിർത്താവുന്ന സംരക്ഷിത സ്പെഷ്യലിസ്റ്റ് അധ്യാപകരെ അപ്രകാരം നിലനിർത്തുന്നതിനായി വേണ്ടപ്പെട്ട സ്കൂളുകളിലെ 2017-18 ലെ തസ്തിക നിർണയ ഉത്തരവ് പരിഷ്കരിച്ചു പ്രസിദ്ധീകരിക്കുന്നതിന് ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് അനുമതി നൽകുന്നു. 16-9-2017 നകം ഈ തസ്തിക പുനർനിർണയം നിർബന്ധമായും പൂർത്തിയാക്കേണ്ടതാണ്.

**JESSY JOSEPH**
Addl. Director of Public Instruction (General)
Directorate of Public Instruction
Thiruvananthapuram-14

സ്വീകർത്താവ്

1) എല്ലാ വി. ഉപഡയറക്ടർമാർക്കും
2) എല്ലാ ജില്ലാ വി. ഓഫീസർമാർക്കും
3) എല്ലാ ഉപജില്ലാ വി. ഓഫീസർമാർക്കും